***മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള(MGNSASK) യുടെ 23.01.2018-ന് ബഹുമാനപ്പെട്ട അഡീഷണൽ ചീഫ് സെക്രട്ടറി (വാട്ടർ റിസ്സോഴ്സ്) യുടെ അദ്ധ്യക്ഷതയിൽ കൂടിയ 4-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ്,***

യോഗം 2 മണിക്ക് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ അംഗങ്ങളുടെ സ്വയം പരിചയപ്പെടുത്തലോടെ ആരംഭിച്ചു. യോഗത്തിൽ മറ്റ് 10 ഗവേർണിംഗ് ബോഡി അംഗങ്ങൾ കൂടി പങ്കെടുത്തു. (ഹാജർ പട്ടിക അന്യത്ര ചേർത്തിരിക്കുന്നു). യോഗ തീരുമാനങ്ങൾ ചുവടെ കൊടുക്കുന്നു.

| അജണ്ടകൾ | തീരുമാനങ്ങൾ |
|---|---|
| അജണ്ട നമ്പർ-(1)<br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ സോഷ്യൽഓഡിറ്റിംഗ് ഗ്രാമസഭകളിലൂടെ നടത്തണമെന്ന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ സെക്ഷൻ 17(2)-ൽ പ്രതിപാദിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ 30.06.2011-ന് വിജ്ഞാപനം ചെയ്ത മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2011-ലെ ഖണ്ഡിക 4 പ്രകാരം സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി ഒരു സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് യൂണിറ്റ് സംസ്ഥാന സർക്കാർ രൂപീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ Travancore Cochin Literary Scientific and Charitable Society Act 1955 പ്രകാരം ഒരു സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് സൊസൈറ്റി രജിസ്റ്റർ ചെയ്ത് പ്രവർത്തിയ്ക്കുന്നതിനായി സംസ്ഥാന സർക്കാർ 30.12.2015-ന് ഗവ. ഉത്തരവ് നമ്പർ GO(Rt)No.729/2017/LSGD പ്രകാരം സൊസൈറ്റി രൂപീകരിക്കുകയും TVM/TC/123/2017 സർട്ടിഫിക്കറ്റ് നമ്പർ പ്രകാരം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി 31.01.2017-ന് രജിസ്റ്റർ ചെയ്തിട്ടുണ്ട്. | തീരുമാനം നമ്പർ (1) അംഗീകരിച്ചു . |

സോഷ്യൽ ഓഡിറ്റ് ഗവേർണിംഗ് ബോഡിയുടെ ആദ്യയോഗം 22.12.2016-നും രണ്ടാമത് യോഗം 11.01.2017-നും നടന്നു. 04.05.17-ലെ GO(Rt.)No.1421/2017/ LSGDഉത്തരവ് പ്രകാരം ജലവിഭവവകുപ്പ് സെക്രട്ടറിയെ ഗവേർണിംഗ് ബോഡി ചെയർപേഴ്സൺ ആക്കി ഉത്തരവാകുകയും ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ 05.06.17-ന് മൂന്നാം യോഗം ഇതിനോടകം കൂടുകയും ചെയ്തിട്ടുണ്ട്.

സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ ഗവേർണിംഗ് ബോഡി അംഗീകരിച്ച ചുരുക്കപ്പട്ടിക പ്രകാരമുള്ള ഉദ്യോഗാർത്ഥികളെ 17.10.17-ന് അഭിമുഖം നടത്തുകയും ചുവടെ പറയുന്നവരെ ഗവ. ഉത്തരവ് മുഖേന നിയമിക്കുകയും ചെയ്തിട്ടുണ്ട്.

1. Director – Dr. Abey George (As per GO(Rt.)No.3805/2017/LSGD dated,25/11/2017.
2. Social Development Specialist- Sri. E. Sreekumar (As per GO(Rt.)No.3806/2017/LSGD dated, 25/11/2017).
3. Social Audit Expert (Zone 1)- Sri. George Jacob(As per GO(Rt.)No.3806/2017/LSGD dated, 25/11/2017).

ഡയറക്ടർ 01/12/2017-നും സോഷ്യൽ ഡെവലപ്പ്മെന്റ് സ്പെഷ്യലിസ്റ്റ് 04/12/2017-നും സോഷ്യൽ ഓഡിറ്റ് എക്സ്പേർട്ട് 8/12/2017-നും ചുമതല ഏറ്റെടുത്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 23.11.2017 തീയതിയിലെ നമ്പർ ഡി.ഡി..2/2448/2017/തസ്വഭവ സർക്കുലർ പ്രകാരം സോഷ്യൽ ഓഡിറ്റിനായി അനുവദനീയമായ ഭരണച്ചെലവിന്റെ 0.50% ഉപയോഗപ്പെടുത്താവുന്നതാണ്. ( ഒരു വർഷത്തെ ആകെ പദ്ധതിച്ചെലവിന്റെ 6% ആണ് പദ്ധതിയിലെ അനുവദനീയമായ ഭരണച്ചെലവ്).

| | |
|---|---|
| ...ജണ്ട നമ്പർ-(2)<br>05/06/2017-ൽ കൂടിയ ഗവേർണിംഗ് ബോഡിയുടെ മിനിട്ട്സിന്റെ അംഗീകാരം. | തീരുമാനം നമ്പർ (2) അംഗീകരിച്ചു. |
| അജണ്ട നമ്പർ-(3)<br>05.06.2017-ന് തിരുവനന്തപുരം ഗവ: ഗസ്റ്റ് ഹൗസിൽ വച്ച് കൂടിയ സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ഗവേർണിംഗ് ബോഡിയുടെ മൂന്നാമത് യോഗത്തിന്റെ മിനിട്ട്സിൽ കൈക്കൊണ്ട നടപടികൾ. | തീരുമാനം നമ്പർ (3) സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഗവേർണിംഗ് ബോഡിയുടെ മൂന്നാമത് യോഗത്തിന്റെ മിനിട്ട്സിൽ കൈക്കൊണ്ട നടപടികൾ വായിച്ച് ഓരോന്നായി അംഗീകരിച്ചു. കേന്ദ്ര സർക്കാർ SOP-യുടെ കരട്, അംഗങ്ങൾക്കിടയിൽ വിതരണം ചെയ്ത ശേഷം അച്ചടിക്കാമെന്ന് തീരുമാനിച്ചു. |
| അജണ്ട നമ്പർ-(4)<br>01.12.2017-ന് ഡയറക്ടർ ചാർജ്ജെടുത്തതിനുശേഷമുള്ള നടപടികൾ | തീരുമാനം നമ്പർ (4) 01.12.2017-ന് ഡയറക്ടർ ചാർജ്ജെടുത്തതിനുശേഷമുള്ള നടപടികൾ പൊതുവെ അംഗീകരിക്കുകയും ആവശ്യമുള്ള തുടർനടപടികൾ താഴെപ്പറയും പ്രകാരം തീരുമാനിച്ചു. |
| 4(i) 15/10/2017- തീയതിയിലെ ഡി.സി.2/459/2017 തസ്വഭവ കത്ത് പ്രകാരം സ്വരാജ് ഭവനിൽ ഹരിത കേരള മിഷൻ പ്രവർത്തിച്ച സ്ഥലം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (എം.ജി.എൻ.എസ്.എ.എസ്.കെ)യുടെ പ്രവർത്തനത്തിനായി അനുവദിച്ച് ഉത്തരവായിട്ടുണ്ടായിരുന്നെങ്കിലും ഇതിനോടകം മറ്റ് ആഫീസുകൾ ആ സ്ഥലം ഏറ്റെടുത്ത് പ്രവർത്തിയ്ക്കുന്നതുമൂലം പ്രസ്തുത സ്ഥലം ലഭിച്ചില്ല. ടി കാര്യം ബഹു. ഗ്രാമവികസന കമ്മീഷണറെയും ബഹു.തദ്ദേശ സ്വയം ഭരണവകുപ്പ് സെക്രട്ടറിയെയും അറിയിച്ചിട്ടുണ്ട്. | തീരുമാനം നമ്പർ-4(i) ഈ സ്ഥലം തന്നെയോ, സൗകര്യപ്രദമായ മറ്റു സ്ഥലമോ, സ്വരാജ് ഭവനിൽ തന്നെ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട തദ്ദേശ സ്വയം ഭരണവകുപ്പ് മന്ത്രിയ്ക്ക് കത്ത് അയ്ക്കാൻ ഡയറക്ടറെ ചുമതലപ്പെടുത്തി. |

| | |
|---|---|
| **4(ii)** സൊസൈറ്റിയുടെ പ്രവർത്തനത്തിനായി അർഹമായ ഫണ്ട് അനുവദിയ്ക്കുന്നതിനായി 18/12/2017 തീയതിയിലെ 3/എം.ജി.എൻ.എസ്.എ. എസ്.കെ/ജനറൽ/17-നമ്പർ കത്ത് പ്രകാരം കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിനോട് അപേക്ഷിച്ചിട്ടുണ്ട്. | **തീരുമാനം നമ്പർ-4(ii)** അതിൻപ്രകാരം കേന്ദ്ര സർക്കാർ 18.01.2018-ലെ F.No.M-11014/04/2017-MGNREGA(RE III)(356110) Sl.No.200 sanction order പ്രകാരം 4.1837/-കോടി രൂപ (നാലുകോടി പതിനെട്ടു ലക്ഷത്തി മുപ്പത്തിയേഴായിരം രൂപ) കേന്ദ്ര സർക്കാർ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ത.സ്വ.ഭവകുപ്പിൽ ഫണ്ട് അനുവദിക്കുന്നതിനായി ഉടൻ തന്നെ കത്ത് നൽകിയിട്ടുണ്ടെന്ന് ഡയറക്ടർ അറിയിച്ചു. ഇതുസംബന്ധിച്ച് ധനകാര്യവകുപ്പ് സെക്രട്ടറിക്ക് വീണ്ടും കത്തു കൊടുക്കുവാൻ ഡയറക്ടറെ ചുമതലപ്പെടുത്തി. |
| **4(iii)** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (എം.ജി.എൻ.എസ്.എ.എസ്.കെ)യുടെ മെമ്മോറാണ്ടം ഡോക്യുമെന്റ് II സെക്ഷൻ 11 പ്രകാരം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷനിൽ പ്രവർത്തിയ്ക്കുന്ന സോഷ്യൽ ഓഡിറ്റ് പ്രോഗ്രാം ഓഫീസറെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിലേയ്ക്ക് വിന്യസിക്കണമെന്ന പരാമർശത്തിന്റെ അടിസ്ഥാനത്തിൽ 28/12/2017 തീയതിയിലെ 10/എം.ജി.എൻ.എസ്.എ. എസ്.കെ/ജനറൽ/17- നമ്പർ കത്ത് പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. | **തീരുമാനം നമ്പർ-4(iii)** എത്രയും പെട്ടെന്ന് ആളെ വിട്ടുതരാൻ മിഷൻ ഡയറക്ടറോട് നിർദ്ദേശിക്കാൻ തീരുമാനിച്ചു. |
| **4(iv)** ഓഫീസ് പ്രവർത്തനത്തിന് പരമാവധി ചെലവ് ചുരുക്കുക എന്നത് മുൻനിറുത്തി പുനരുപയോഗിക്കാവുന്ന ഫർണിച്ചറുകൾ അനുവദിയ്ക്കണമെന്ന് പൊതു ഭരണവകുപ്പ് സെക്രട്ടറിയോട് 23/12/2017 തീയതിയിലെ 9/എം.ജി.എൻ.എ | **തീരുമാനം നമ്പർ-4(iv)** നാളിതുവരെ അനുകൂലമായ മറുപടി ലഭിക്കാത്തതിനാൽ ഓഫീസിന് ആവശ്യമായ ഫർണിച്ചറും മറ്റ് ഉപകരണങ്ങളും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് വാങ്ങിക്കുവാൻ ഡയറക്ടറെ ചുമതലപ്പെടുത്തി. |

| | |
|---|---|
| സ്.എ.എസ്.കെ/ജനറൽ/17- കത്ത് പ്രകാരം ...പേക്ഷിച്ചിട്ടുണ്ട്. | |
| 4(v) സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ സോഷ്യൽഓഡിറ്റ് സംവിധാനം MGNSASK-യുടെ ആഭിമുഖ്യത്തിൽ ഏകോപിപ്പിക്കുന്നതു സംബന്ധിച്ച് ബഹു.ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 28/12/2017-ന് ആലോചനയോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ സംസ്ഥാനത്തെ മറ്റു പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കുന്നതിന് ആവശ്യമായ ഒരു സമീപന രേഖ തയ്യാറാക്കുന്നതിന്, സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഡയറക്ടറെ ചുമതലപ്പെടുത്തി. അതുപ്രകാരമുള്ള സമീപനരേഖ തയ്യാറായി വരുന്നു. | തീരുമാനം നമ്പർ-4(v) പ്രാഥമികമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റിൽ ശ്രദ്ധ നൽകിക്കൊണ്ട് എത്രയും വേഗം ആയതിന്റെ പ്രവർത്തനം ആരംഭിക്കുവാൻ ഡയറക്ടറെ ചുമതലപ്പെടുത്തി. ആയത് തുടങ്ങിയതിനുശേഷം രണ്ടാംഘട്ടമായി മറ്റ് സോഷ്യൽ ഓഡിറ്റുകളുടെകാര്യം പരിഗണിക്കേണ്ടതുള്ളൂവെന്നും തീരുമാനിച്ചു. |
| 4(vi) സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയെക്കുറിച്ചും സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളിലെത്തിക്കുന്നതിലേക്കായി റൂറൽ ഇൻഫർമേഷൻ ബ്യൂറോയുടെ സേവനം കൂടി ഉപയോഗിക്കുന്നതിനായി റൂറൽ ഇൻഫർമേഷൻ ബ്യൂറോ ചീഫ് ഓഫീസറുമായി 17.01.2018-ന് ചർച്ച നടത്തുകയുണ്ടായി. അതിനെതുടർന്ന് സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട ഒരു ലഘുരേഖ, പൂൾ ഔട്ട് (16പേജ്) പ്രത്യേക പതിപ്പ്/കൈപ്പുസ്തകം എന്നിവ പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചു. | തീരുമാനം നമ്പർ-4(vi) ആയതിന്റെ കരട്, അംഗങ്ങളുടെ ഇടയിൽ വിതരണം ചെയ്ത് ചർച്ച ചെയ്ത ശേഷം പ്രസിദ്ധീകരണത്തിനു നൽകിയാൽ മതിയെന്നും തീരുമാനിച്ചു. |
| **അജണ്ടനമ്പർ-(5)**<br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (എം.ജി.എൻ.എസ്.എ.എസ്.കെ)യുടെ ഭാവി പ്രവർത്തനങ്ങൾ. | **തീരുമാനം നമ്പർ (5)** എത്രയുംപെട്ടെന്ന് ജില്ലാ റിസ്സോഴ്സ് പേഴ്സൺമാരെയും ബ്ലോക്ക് റിസ്സോഴ്സ് പേഴ്സൺമാരെയും നിയമിക്കുന്നതിനുള്ള പരസ്യം നൽകുന്നതിനും നിലവിലെ കേന്ദ്ര/സംസ്ഥാനമാർഗ്ഗ നിർദ്ദേശപ്രകാരം ആളുകളെ തിരഞ്ഞെടുക്കുന്നതിനും ഡയറക്ടറെ ചുമതലപ്പെടുത്തി. |
| **അജണ്ടനമ്പർ-(6)**<br>30/12/2015-ലെ ജി.ഒ.ആർ.റ്റി. നമ്പർ.3906/2015/തസ്വഭവ ഉത്തരവ് പ്രകാരം സൊസൈറ്റി പ്രവർത്തനത്തിനനുവദിച്ച ഒരു | **തീരുമാനം നമ്പർ (6)** അംഗീകരിക്കുകയും, ഇതു പ്രകാരം ആളുകളെ പരസ്യം നൽകി സുതാര്യമായ രീതിയിൽ നിയമനം നടത്തുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി. കോൺഫിഡൻഷ്യൽ |

| | |
|---|---|
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനെയും മൂന്നു ക്ലാർക്കുമാരെയും ഒരു ഓഫീസ് അസിസ്റ്റന്റിനെയും അനുവദിച്ചിരുന്നു. ഇവർക്ക് ടി ഉത്തരവ് പ്രകാരം അനുവദിച്ചിരിയ്ക്കുന്ന വേതനം പ്രതിമാസം യഥാക്രമം 13,500/- ഉം, 13,200/-ഉം, ആണ്. ഓഫീസ് അസിസ്റ്റന്റിന് പ്രതിദിനം 400/-രൂപയുമാണ്. എന്നാൽ സർക്കാരിന്റെ 28/4/2017-ലെ സർക്കാർ ഉത്തരവ്(അച്ചടി) നമ്പർ 56/2017 ധനകാര്യ (വ്യയം.സി) വകുപ്പ് ഉത്തരവ് പ്രകാരം ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ആയതുപ്രകാരം വേതനം വർദ്ധിപ്പിച്ചു നൽകേണ്ടതുണ്ടോ എന്ന് തീരുമാനം കൈകൊള്ളുന്നതിനായി വിശദാംശങ്ങൾ ചുവടെ സമർപ്പിക്കുന്നു. | അസിസ്റ്റന്റിന് 21,000/-രൂപയും, ക്ലർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റേഴ്സിന് 19,950/-രൂപയും ഓഫീസ് അസിസ്റ്റന്റിന് 630/-(per day)രൂപയുടെയും വേതനവർദ്ധന 28.4.2017-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 56/2017 ധനകാര്യ (വ്യയം.സി) വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം അംഗീകരിച്ചു. |
| **അജണ്ടനമ്പർ-(7)**<br>2017-2018 വരവ്-ചെലവ് കണക്കിന്റെ അംഗീകാരം. 2017-2018 സാമ്പത്തിക വർഷത്തേയ്ക്ക് നാളിതുവരെയായി ഈ ശീർഷകത്തിൽ പ്രത്യേകമായി തുകയൊന്നും ലഭിച്ചിട്ടില്ല. ഈ ശീർഷകത്തിൽ യാതൊരു ചെലവും വഹിച്ചിട്ടുമില്ല. വരവു-ചെലവ് കണക്ക് അംഗീകരിക്കാവുന്നതാണ്. | തീരുമാനം നമ്പർ (7) അംഗീകരിച്ചു. |
| **അജണ്ടനമ്പർ-(8)**<br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (എം.ജി.എൻ.എസ്.എ.എസ്.കെ)യുടെ ഓഫീസ് ആവശ്യങ്ങൾക്കായി നടപടിക്രമം പാലിച്ചു കൊണ്ട്, MGNREGA State Mission-ൽ എടുത്ത വ്യവസ്ഥകൾക്കും നിബന്ധനകൾക്കും അനുസരിച്ച് (പ്രതിമാസം Rs.26500/-300hrs എന്ന നിരക്കിൽ), കരാർ അടിസ്ഥാനത്തിൽ വാഹനം ഏർപ്പെടുത്തിയ നടപടി അംഗീകരിക്കാവുന്നതാണ്. | തീരുമാനം നമ്പർ (8) അംഗീകരിച്ചു. |
| **അജണ്ടനമ്പർ-(9)**<br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (എം.ജി.എൻ.എസ്.എ.എസ്.കെ) ഡയറക്ടർക്കും, | തീരുമാനം നമ്പർ (9) അംഗീകരിച്ചു. |

| | |
|---|---|
| സോഷ്യൽ ഡെവലപ്പ്മെന്റ് സ്പെഷ്യലിസ്റ്റിനും പരമാവധി 1000/-രൂപയോ യഥാർത്ഥ തുകയോ (ഏതാണോ കുറവ് അത്) മൊബൈൽ ഫോൺ അലവൻസ് അനുവദിക്കാവുന്നതും സോഷ്യൽ ഓഡിറ്റ് എക്സ്പെർട്ടിന് പരമാവധി 750/-രൂപയോ യഥാർത്ഥ തുകയോ (ഏതാണോ കുറവ് അത്) അനുവദിക്കാവുന്നതാണ്. | |
| **അജണ്ട നമ്പർ-(10)**<br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതി സോഷ്യൽഓഡിറ്റ് സൊസൈറ്റിയുടെ രജിസ്ട്രേഷൻ 31.1.2017-ന് ആണ് നേടിയത്. ആയതിന്റെ കാലാവധി പുതുക്കുന്നത് അംഗീകരിക്കാവുന്നതും വേണ്ട നടപടി സ്വീകരിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്താവുന്നതുമാണ്. | **തീരുമാനം നമ്പർ (10) അംഗീകരിച്ചു.** വരും വർഷങ്ങളിലും യഥാസമയം രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടികൾ സ്വയം സ്വീകരിക്കുവാനും ഡയറക്ടറെ ചുമതലപ്പെടുത്തി. |

യോഗം 3.30-ന് അവസാനിച്ചു.

DIRECTOR
Mahatma Gandhi NREGA
Social Audit Society
Kerala

ഡയറക്ടർ & കൺവീനർ

26/1/18

ചെയർമാൻ

(എം.ജി.എൻ.എസ്.എ.എസ്.കെ. ഗവേർണിംഗ് ബോഡി)

TOM JOSE IAS
Additional Chief Secretary to Government
Labour, Skills & Excise Department &
Water Resources

25/1/18
SDS

# അനുബന്ധം

| ഹാജർനില | പേര് |
|---|---|
| 1 | ശ്രീ. ടോം ജോസ് ഐ.എ.എസ്. (അഡീഷണൽ ചീഫ് സെക്രട്ടറി (W.R.D)) |
| 2 | ശ്രീ. സി.കെ.ഹരീന്ദ്രൻ (എം.എൽ.എ) |
| 3 | ശ്രീ. എസ്.രാജേന്ദ്രൻ |
| 4 | ശ്രീ. സുനിൽ രാജ് (അക്കൗണ്ടന്റ് ജനറൽ) |
| 5 | ശ്രീമതി. പി. തങ്കം |
| 6 | ശ്രീ. ഡോ. എൻ. രമാകാന്തൻ |
| 7 | ശ്രീ. സുരേന്ദ്രകുമാർ (അഡീഷണൽ ഡയറക്ടർ സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ്) |
| 8 | ശ്രീ. ചെങ്ങറ സുരേന്ദ്രൻ (എക്സ്. എം.പി.) |
| 9 | ശ്രീ. നീരഞ്ജന (പ്രൊഫ.ഓഫീസ് ഫോർ എക്സ്.ഡയറക്ടർ, കുടുംബശ്രീ) |
| 10 | ശ്രീമതി. ഗിരിജ സുരേന്ദ്രൻ (എക്സ്. എം.എൽ.എ) |
| 11 | ശ്രീ. ഡോ.എബി ജോർജ്ജ്(ഡയറക്ടർ, സോഷ്യൽ ഓഡിറ്റ്) |

## Attendance of the 4th Governing Body Meeting of the MGNSASK

Chaired by: Shri. Tom Jose, Additional Chief Secretary, Water Resource Development

Venue: Chamber of the Additonal Chief Secretary, Water Resource Development

Date &Time: 23/01/2018. 2 P.M.

### LIST OF PARTICIPANTS

| Sl.No. | Name | E-mail ID & Mobile Number | Signature |
|---|---|---|---|
| 1 | Tom Jose | | |
| 2 | C.K.Hareendran MLA | | |
| 3 | S. Rajendran. | | |
| 4 | Sunil Raj, AG | | |
| 5 | P Thankam | | |
| 6 | Dr. N. Ramakantan | 9496143232 remakanthan.n@gmail.com | |
| 7 | K.K.Surendra Kumar Addl Director, Social Justice Dept | surendrakumarkk4@gmail.com | |
| 8 | Chengara Surendran Ex.M.P. | | |